**കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ**

**കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,**

**വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010**

**ഫോൺ:0471 2735544, ഫാക്സ്: 0471 2735599,**

**വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org**

തീയതി :19.05.2023

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ച താരിഫ് റഗുലേഷൻസ് 2021 പ്രകാരം ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലം ലൈസൻസിക്കുണ്ടാകുന്ന അധികബാധ്യത ഇന്ധന സർചാർജ്ജായി മൂന്നു മാസത്തിൽ ഒരിക്കലാണ് നിലവിൽ ഈടാക്കുന്നത് കേന്ദ്ര സർക്കാർ 29.12.2022ന് പ്രസിദ്ധീകരിച്ച ഇലക്ട്രിസിറ്റി റൂൾസ് ഭേദഗതി നിയമങ്ങൾ 2022ന്റെ റൂൾ 14 പ്രകാരം ഇന്ധന വിലവർദ്ധനവ് മൂലമുണ്ടാകുന്ന അധികബാധ്യത ഓരോ മാസവും ഇന്ധന സർച്ചാർജ്ജായി തുടർമാസത്തിൽ ലൈസൻസി ഈടാക്കണം എന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ഈ ഭേദഗതി ഉൾപ്പെടുത്തി കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ താരിഫ് റഗുലേഷൻസ് 2021 ന്റെ ഒന്നാം ഭേദഗതി റഗുലേഷൻസ്, 2023ന്റെ കരട് വിജ്ഞാപനം കമ്മീഷന്റെ വെബ്സൈറ്റിൽ 26.04.2023ന് (www.erckera.org) പ്രസിദ്ധികരിച്ചിരുന്നു. ഇതു സംബന്ധിച്ചിട്ടുള്ള പൊതുതെളിവെടുപ്പ് 24.05.2023ന് കമ്മീഷന്റെ തിരുവനന്തപുരത്തുള്ള കോർട്ട് ഹാളിൽ വച്ച് രാവിലെ 11:00 മണിക്ക് നടത്തുന്നതാണ്. ഇതുകൂടാതെ ടി പൊതു തെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്. വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ 23.05.2023ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദ വിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ/ ഇ-മെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 25.05.2023, 05:00 PM വരെ സ്വീകരിക്കുന്നതാണ്.

**സെക്രട്ടറി**